/99823/2023

**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക. G, IAS))

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി പരിശീലന പദ്ധതി- അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് – ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:

1. 27.04.2023 ലെ സ.ഉ(സാ.ധാ)നം.201/2023/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 23.04.2023ലെ ICDS.B.8/1591/2023നമ്പർ കത്ത്

**<u>ഉത്തരവ് നം. DWCD/1081/2023-ICDSB8 തീയതി: 08-06-2023</u>**

ഐ . സി . ഡി . എസ് സൂപ്പർവൈസർ , അങ്കണവാടി വർക്കർ , ഹെൽപ്പർ എന്നിവർക്കുള്ള ജോബ് , റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശം ഒന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട് . അങ്കണവാടി പ്രവർത്തകർക്കുള്ള റിഫ്രഷർ പരിശീലനം നടത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിന് പരാമർശം രണ്ട് പ്രകാരം എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട് . ഈ സാഹചര്യത്തിൽ അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് കൊല്ലം , എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർകോഡ് എന്നീ പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും പരിശീലനം നടത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു .

1. അങ്കണവാടി ഹെൽപ്പർമാരുടെ റിഫ്രഷർ ട്രെയിനിംഗിനുള്ള മൊഡ്യൂൾ അടിസ്ഥാനപ്പെടുത്തിയാകണം ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്. ട്രെയിനിംഗ് മൊഡ്യൂൾ വകുപ്പിന്റെ വെബ് സൈറ്റിൽ 'Orders and Notifications' എന്ന ഭാഗത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

2. ഓരോ ജില്ലയിലും മാസ്റ്റർ ട്രെയിനർമാരായി (TOT) 15 പേർ വീതം ഉൾക്കൊള്ളുന്ന ടീം രൂപീകരിച്ച് പരിശീലനം നല്കിയിട്ടുണ്ട്. Resource Persons ആയി ഈ ടീമിനെ ജില്ലാതലങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

3. വിഷയ വിദഗ്ധരായിട്ടുള്ള R P മാരെ Guest Speaker മാരായി ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ഒരു ബാച്ചിന് പരമാവധി 20 Guest Speaker മാരെ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ഉൾപ്പെടുത്തുന്നവർക്ക് പരമാവധി 1000/- രൂപ നിരക്കിൽ ഹോണറേറിയം നല്കാവുന്നതാണ്.

4. വകുപ്പിൽ നിലവിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് ക്ലാസ്സെടുക്കുന്ന ഇനത്തിൽ

ഹോണറേറിയം നല്കേണ്ടതില്ല.

5. ഹെൽപ്പർ റിഫ്രഷർ ട്രെയിനിംഗിന് ഒരു ബാച്ചിന് 50 പേരെ ഉൾപ്പെടുത്താവുന്നതാണ്.

6. ട്രെയിനിംഗുകൾ 2023 ജൂൺ/ജൂലായ് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

7. തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ ആകെ 8 ബാച്ച് വീതവും മറ്റുള്ള ജില്ലകളിൽ 7 വീതവും ബാച്ചുകൾ നടത്തുന്നതിനുള്ള അനുമതി ആണ് ലഭ്യമായിട്ടുള്ളത്.

8. നിലവിൽ കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർകോഡ് ജില്ലകൾക്ക് നാല് ബാച്ച് ട്രെയിനിംഗിനുള്ള ഫണ്ടാണ് അനുവദിക്കുന്നത്. കൂടാതെ വാടക ഇനത്തിൽ ഒരു മാസത്തെ തുകയായ 50,000/- രൂപയും അനുവദിക്കുന്നു.

9. അനുവദിച്ചിട്ടുള്ള ബാച്ച് ട്രെയിനിംഗുകളിൽ ഓരോ ബാച്ചും പൂർത്തിയായാൽ ഉടൻ തന്നെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് Expenditure വരുത്തേണ്ടതാണ്. കൂടാതെ Plan Space ൽ update വരുത്തേണ്ടതുമാണ്.അല്ലാത്തപക്ഷം അടുത്ത ബാച്ചുകൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതാണ്.

10. ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ള ഹെൽപ്പർമാരുടെ പങ്കാളിത്തം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസറും സി.ഡി.പി.ഒ മാരും ഉറപ്പ് വരുത്തേണ്ടതാണ്. ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് Annexure ആയി നല്കിയിട്ടുള്ള പ്രൊഫോർമയിൽ ഓരോ ബാച്ചും പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ലഭ്യമാക്കേണ്ടതാണ്.

11. റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് 5 0 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നു.

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 250/- per head<br>(250 x50 x 5 days) | 62,500/- |
| 2. | Travelling Allowance | 500/head/course | 25,000/-<br>(500 x 50) |
| 3. | Honorarium to Guest Speakers<br>(maximum 20 Lecture per Course) | 1000/- | 20,000/- |
| 4. | Cost of Training Materials | 250/- per Trainee | 12,500/- |

| | | | |
|---|---|---|---|
| | | | |
| 5. | Field Visit | 4,000/- | 4,000/- |
| 6. | Stationery/Other Expenses | 5,000/- | 5,000/- |
| | **Total** | | **1,29,000/-** |

12. മേൽ ചിലവുകൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒരു മാസം **50,000/-** രൂപ **Room, Hall** വാടക ഇനത്തിലും അനുവദിയ്ക്കുന്നു.

13. മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിന് ചുവടെപ്പറയും പ്രകാരം തുക അനുവദിച്ച് നല്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിയ്ക്കുന്ന തുക | ഹാൾ, റൂം വാടക (3 മാസത്തേയ്ക്ക്) | ആകെ അനുവദിയ്ക്കുന്ന തുക |
|---|---|---|---|---|
| 1. | കൊല്ലം | 5,16,000/- (129000 x 4 batches) | 50,000/- | 5,66,000/- |
| 2. | എറണാകുളം | 5,16,000/- (129000 x 4 batches) | 50,000/- | 5,66,000/- |
| 3. | മലപ്പുറം | 5,16,000/- (129000 x 4 batches) | 50,000/- | 5,66,000/- |
| 4. | കണ്ണൂർ | 5,16,000/- (129000 x 4batches) | 50,000/- | 5,66,000/- |
| 5. | കാസർകോഡ് | 5,16,000/- (129000 x 4 batches) | 50,000/- | 5,66,000/- |
| | ആകെ | 25,80,000/- | 2,50,000/- | 28,30,000/- |
| **ആകെ ഇരുപത്തി എട്ട് ലക്ഷത്തി മുപ്പതിനായിരം മാത്രം** | | | | |

മേൽ ലിസ്റ്റ് പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിനായി ആകെ **28,30,000/-**(ആകെ ഇരുപത്തി എട്ട് ലക്ഷത്തി മുപ്പതിനായിരം മാത്രം ) എല്ലാ ജില്ലാ ശിശുവികസന

പദ്ധതി ഓഫീസർമാർക്കും അലോട്ട്മെന്റായി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ ഓഫീസർമാർ മേൽ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure ), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ **2235-02-102-41 (P)** ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

PRIYANKA G
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
പകർപ്പ് :

1. സീനിയർ ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ
3. സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

Signed by Priyanka G
Date: 08-06-2023 17:57:45

I/97659/2023

**Annexure**

റിഫ്രഷർ ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച പ്രൊഫോർമാ റിപ്പോർട്ട്

1. ട്രെയിനിംഗിന്റെ പേര് : റിഫ്രഷർ ട്രെയിനിംഗ് സൂപ്പർവൈസർ/വർക്കർ /ഹെൽപ്പർ

2. ബാച്ച് നമ്പർ : ബാച്ച് 1/2/3/4/....

3. പരിശീലനം നടന്ന തീയതി : ........... മുതൽ ........... വരെ

4. പങ്കെടുത്തവരുടെ എണ്ണം :

5. നടത്തിയിട്ടുള്ള ആകെ സെഷനുകളുടെ എണ്ണം :

6. നടത്തിയിട്ടുള്ള എല്ലാ സെഷനുകളുടേയും വിവരങ്ങൾ ചുവടെപ്പറയുന്ന പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്.

| Day : | | |
|---|---|---|
| Session | Topic | Name of Resourse Person |
| Session 1 | | |
| Session 2 | | |
| Session 3 | | |
| Session 4 | | |
| Session 5 | | |
| Session 6 | | |

സാക്ഷ്യപത്രം :

മേൽ പരിശീലന പരിപാടി നിർദ്ദേശിച്ചിട്ടുള്ള എണ്ണം പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രോഗ്രാം ഓഫീസറുടെ പേര് :

ഒപ്പ് :

Signed by Priyanka G
Date: 26-05-2023 14:55:11